**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

## കുറ്റാന്വേഷണത്തിന് ശാസ്ത്രീയ പരിശീലനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2018. 4/11/2019-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.വി. ജോയി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാന പോലീസിനെ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിനും പോലീസിലെ അപൂർവ്വം ചിലരിൽ പ്രകടമാകുന്ന ദുഷ്പ്രവണത അവസാനിപ്പിക്കുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദ പരമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളേയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പരാതികൾ സ്വീകരിക്കുന്നതിനായി പി.ആർ.ഒ. സംവിധാനം, റിസ്പഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട്ലി ഓഫീസ്, വനിതാ ഹെൽപ്പ് ഡെസ്ക്, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി സൈ്വര്യജീവിതം ഉറപ്പാക്കുന്നതിലേക്കായി പോലീസ് പൊതുജനബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിൽ അപൂർവ്വമായി കണ്ടുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി വകുപ്പുതലത്തിൽ കർശനമായ താക്കീതും സമയാസമയങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഇത്തരം ആളുകൾക്കെതിരെ വകുപ്പുതല നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | കുറ്റാന്വേഷണത്തിന് ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിന് ഫലപ്രദമായ പരിശീലനം നൽകി മർദ്ദന രീതി അവസാനിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനായി ജില്ലകളിൽ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ പരിശീലനത്തിന്റെ ഭാഗമായി BPR&D-യുടെ സ്പോൺസർഷിപ്പിൽ Interrogation Techniques എന്ന വിഷയത്തിൽ രണ്ട് കോഴ്സുകൾ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. കൂടാതെ എഫ്.എസ്.എൽ, കെമിക്കൽ ലാബ്, ഫിംഗർ പ്രിന്റ് ബ്യൂറോ, പോളീഗ്രാഫ് ടെസ്റ്റ്, നാർക്കോ അനാലിസിസ്, ബ്രെയിൻ മാപ്പിംഗ്, സി.ഡി.ആർ. ചെക്കിംഗ്, ഡി.എൻ.എ. പ്രൊഫൈൽ ടെസ്റ്റ്, സൈബർ ടെക്നിക് ഉപയോഗിച്ചുള്ള കുറ്റാന്വേഷണ രീതി എന്നിവ ഉപയോഗപ്പെടുത്തി വരുന്നു. |
| (സി) | ക്രമസമാധാന പാലനത്തിന് അത്യാധുനിക ഉപകരണങ്ങളും സംവിധാനവും ഏർപ്പെടുത്തുന്നതിനോടൊപ്പം പരിശീലന പദ്ധതി പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി സബ് ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ